ഫലപ്രദമായി കൂടുതൽ ഫണ്ട് വരുന്നുണ്ട്. ആ ഫണ്ട് ഉപയോഗിച്ച് പുതിയ നഗര വികസന അതോറിറ്റി രൂപീകരിക്കാൻ ഈ ബഡ്ജറ്റിൽത്തന്നെ കൊല്ലം, തൃശ്ശൂർ ജില്ലകൾക്ക് സർക്കാർ പണം വകയിരുത്തിയിരിക്കുന്നു. ബാക്കി എല്ലാ പട്ടണങ്ങളിലും നഗരവികസന സമിതികൾ തുടരുന്നു. കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൂടുതൽ തുക നീക്കിവച്ചിട്ടും അവികസിതമായി കിടക്കുന്ന മലയോര പ്രദേശങ്ങളേയും അതുപോലെ അവികസിതമായി കിടക്കുന്ന തീരദേശ പ്രദേശങ്ങളെയും പേര് പറഞ്ഞ് അവഗണിക്കുന്നതിൽ എന്താണ് ന്യായം?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഗവൺമെന്റ് അവഗണിക്കുന്നു എന്ന അഭിപ്രായം ഞാൻ നിഷേധിക്കുകയാണ്. കാരണം ഇവിടെയെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടിയാണ് ത്രിതല പഞ്ചായത്തുകൾ രൂപീകരിച്ചതും കൂടുതൽ പണം ചെലവഴിച്ചതും. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം.

അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്ക്കൂളുകൾ

4 (*682) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പാലോട് രവി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വിദ്യാഭ്യാസ ചട്ടവും സർക്കാർ ഉത്തരവുകളും ലംഘിച്ച് സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) അംഗീകാരമില്ലാത്ത ഇത്തരം സ്ക്കൂളുകളിൽ 1 മുതൽ 6 വരെ ക്ലാസ്സുകളിൽ വാർഷിക പരീക്ഷ നടത്താൻ പ്രത്യേക അനുമതി നൽകരുത് എന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ ;

(സി) അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്ക്കൂളുകളെ നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇതിനായി കേരള വിദ്യാഭ്യാസ ചട്ടം (കെ.ഇ.ആർ) പരിഷ്ക്കരിക്കുന്ന സമിതിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുമോയെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്)

(എ) കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഉത്തരവിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശോധിച്ചു വരുന്നു.

(ഡി) ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ സർക്കാർ ചില നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്.

ശ്രീ. തമ്പാനൂർ രവി : കേരളത്തിൽ അംഗീകാരം ഇല്ലാത്ത അൺഎയ്ഡഡ് സ്ക്കൂളുകൾ കൂടുതലായി ഉണ്ടാകുവാനുള്ള പ്രധാനകാരണം ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള നമ്മുടെ ആളുകളുടെ പ്രത്യേക സമീപനമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം കൂടുതൽ വേണമെന്ന പുതിയ സമീപനം രക്ഷകർത്താക്കൾക്കുണ്ട്. അതിന്റെ ഫലമായിട്ടാണ് അൺ എയ്ഡഡ് സ്ക്കൂളുകൾ വർദ്ധിക്കുന്നത്. അൺ എയ്ഡഡ് സ്ക്കൂളുകൾ കൂടുതലും വരുന്നത് ഇംഗ്ലീഷ് വിദ്യാഭ്യാസം പഠിപ്പിക്കാനുള്ള ശ്രമം കൊണ്ടാണ്. 4-ാം ക്ലാസ്സുവരെ ഇംഗ്ലീഷ് വിദ്യാഭ്യാസം പഠിപ്പിക്കുന്നതിനെക്കുറിച്ചുള്ള ഗവൺമെന്റിന്റെ സമീപനം എന്താണ്?

ശ്രീ. പി. ജെ. ജോസഫ് : 4-ാം ക്ലാസ്സ് വരെ കുട്ടികൾ മാതൃഭാഷയിൽ തന്നെ പഠിക്കുന്നതാണ് ഏറ്റവും ഉത്തമം എന്ന് പൊതുവേ അഭിപ്രായമുണ്ട്. റീജിയണൽ ലാംഗ്വേജ് അവരുടെ മാതൃഭാഷയിൽ തന്നെ പഠിക്കുക എന്നതാണ്. 4-ാം ക്ലാസ്സിനുശേഷം മീഡിയം ഇംഗ്ലീഷ് ആകുന്നതിൽ തെറ്റില്ല. പക്ഷേ ഇംഗ്ലീഷ് പഠിക്കാൻ ഇംഗ്ലീഷ് മീഡിയം തന്നെ വേണമെന്നില്ല. ഇംഗ്ലീഷ് പഠിപ്പിക്കാനുള്ള പ്രത്യേക സംവിധാനം വേണം. ഇന്ന് അതിന് വലിയ കുറവുകളുണ്ട്. ഗവൺമെന്റ് അത് പരിശോധിച്ചപ്പോൾ 10-ാം ക്ലാസ്സിലെ പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ കുട്ടികൾ തോൽക്കുന്നത് ഒന്ന് ഇംഗ്ലീഷിനും മറ്റേത് കണക്കിനുമാണ്. അതിന്റെ അടിത്തറയില്ലാതെ പോകുന്നതാണ് കാരണം. ഇപ്പോൾ ടി.ടി.സിക്ക് മിനിമം ക്വാളിഫിക്കേഷൻ പ്രീഡിഗ്രി ആക്കിയിട്ടുണ്ട്. ഇതുവരെയുള്ള സ്ഥിതി 10-ാം ക്ലാസ്സ് പാസായവരാണ് 7-ാം ക്ലാസ്സുവരെ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. അത് ഇംഗ്ലീഷിന്റെ സ്റ്റാൻഡേർഡിനെ വളരെയേറെ പ്രതികൂലമായി ബാധിച്ചു. അതുകൊണ്ട് പ്രൈമറി ക്ലാസ്സു കഴിഞ്ഞാൽ ഇംഗ്ലീഷും കണക്കും പഠിപ്പിക്കുന്നത് കുറഞ്ഞത് ഗ്രാഡുവേറ്റ് ടീച്ചേഴ്സ് ആയിരിക്കണം. പ്രത്യേകിച്ച് ഇംഗ്ലീഷ് ലിറ്ററേച്ചർ ഡിഗ്രിയുള്ളവർ തന്നെ വേണം. അവർക്ക് പ്രത്യേക പരിശീലനം വേണം. ഹിന്ദി തുടങ്ങിയ ലാംഗ്വേജ് ടീച്ചേഴ്സിനും പരിശീലനം വേണം. ഹൈസ്ക്കൂളുകളിൽ ഈ കുറവുണ്ട്. അതുകൊണ്ട് ഇംഗ്ലീഷിന് പ്രത്യേകം പരിശീലനം സിദ്ധിച്ചവർ പഠിപ്പിച്ചാൽ മാത്രമേ ഇംഗ്ലീഷിന്റെ സ്റ്റാൻഡേർഡ് വർദ്ധിക്കൂ. ഇംഗ്ലീഷ് മീഡിയം ആയതുകൊണ്ട് വർദ്ധിക്കില്ല.

ശ്രീ. തമ്പാനൂർ രവി : ഇനിയങ്ങോട്ട് ഇൻഫർമേഷൻ ടെക്നോളജിയുടെ കാലഘട്ടമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം വളരെ അനിവാര്യമാണ്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് എയ്ഡഡ് സ്ക്കൂളുകളിലും ഗവൺമെന്റ് യു. പി., ഹൈസ്ക്കൂളുകളിലും കൂടുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; ഇപ്പോൾ തന്നെ പല

LIBRARY ARCHIVES Kerala Legislative Assembly

സ്ക്കൂളുകളിലും ഇത്തരം അപേക്ഷ നൽകുമ്പോൾ പല ഒഴിവുകഴിവുകളും പറഞ്ഞ് ഗവൺമെന്റ് മാറി നിൽകുകയാണ്. ഈ പുതിയ സാഹചര്യത്തിൽ എയ്ഡഡ് സ്ക്കൂളുകളിലും ഗവൺമെന്റ് യു. പി. ഹൈസ്ക്കൂളുകളിലും കൂടുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിക്കാൻ പ്രത്യേക നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ് : കൂടുതൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ കൂടുതൽ ക്ലാസ്സുകൾ അനുവദിക്കുന്നുണ്ട്. അത് അധികം സാമ്പത്തിക ബാദ്ധ്യതയില്ലാതെ തന്നെയാണ്. ഇംഗ്ലീഷ് മീഡിയം തുടങ്ങുന്നതിനേക്കാൾ വളരെ പ്രാധാന്യമുള്ളതാണ്. അദ്ധ്യാപകരുടെ ക്വാളിഫിക്കേഷൻ.

ശ്രീ. പി. ജെ. ജോയി : അംഗീകാരമില്ലാതെ അൺഎയ്ഡഡ് സ്ക്കൂളുകൾ തുടങ്ങാൻ നാട്ടുകാരാണ് മിക്കവാറും മാനേജ്മെന്റുകളെ പ്രേരിപ്പിക്കുന്നത്. അതിന് പ്രധാന കാരണം അംഗീകാരമുള്ള സ്ക്കൂളുകളുടെ കുറവാണ്. അതു പരിഗണിച്ച് അംഗീകാരമില്ലാത്ത സ്ക്കൂളുകൾക്ക് അംഗീകാരം നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ് : അങ്ങനെയുള്ള സ്ക്കൂളുകൾ ഉള്ളതായിട്ട് ഗവൺമെന്റ് കണക്കാക്കുന്നില്ല. കെ. ഇ. ആർ.-ൽ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയുള്ള സ്ക്കൂളുകൾ ഒന്നും അംഗീകരിക്കുന്നില്ല.

ശ്രീ. പി. ജെ. ജോയി : ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചത് അംഗീകാരമില്ലാത്ത സ്ക്കൂളുകൾ തുടങ്ങാൻ പ്രേരിപ്പിക്കുന്നത് പ്രധാനമായും ഓരോ പ്രദേശത്തെ സ്ക്കൂളുകളുടെ എണ്ണക്കുറവിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് കൂടുതൽ അംഗീകാരമുള്ള അൺഎയ്ഡഡ് സ്ക്കൂളുകൾ അനുവദിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പി. ജെ. ജോസഫ് : സ്ക്കൂളുകളിൽ എണ്ണക്കുറവ് ഒന്നുമില്ല. ചുരുക്കം ചില പ്രദേശങ്ങളിൽ സ്ക്കൂളുകൾ കുറവുണ്ടാകും. പല സ്ക്കൂളുകളും തുടങ്ങിയിരിക്കുന്നത് നിലവിലുള്ള സ്ക്കൂളുകളുടെ തൊട്ടടുത്താണ്. അവരൊക്കെ ഹൈക്കോടതിയിൽ പോയിട്ടുണ്ട്.

ശ്രീ. എ. അലി ഹസ്സൻ : ലാഭേച്ഛയോടുകൂടി നിരവധി അൺ റക്കഗ്നൈസ്ഡ് സ്ക്കൂളുകൾ നമ്മുടെ കേരളത്തിൽ നടക്കുന്നുണ്ട്. ശിവഗിരി എസ്. എൻ. ട്രസ്റ്റ് പോലുള്ള സ്ഥാപനങ്ങൾ നടത്തുന്ന ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ഉണ്ട്. ദീർഘകാലമായി നടത്തിക്കൊണ്ടിരിക്കുന്ന അൺ റക്കഗ്നൈസ്ഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. ജെ. ജോസഫ് : അനധികൃതമായി നടത്തുന്ന സ്ക്കൂളുകൾക്ക് അംഗീകാരം കിട്ടുന്നതിനായി ഹൈക്കോടതിയിൽ പോയപ്പോൾ ഹൈക്കോടതി അതിനെ സംബന്ധിച്ച് ഒരു അവസാന തീരുമാനം എന്നുള്ള നിലയിൽ ഈ വർഷം കൂടെ സ്ക്കൂളുകളിൽ പരീക്ഷ അതാതു സ്ക്കൂളുകളിൽ നടത്തുവാൻ അനുമതി കൊടുത്തിട്ടുണ്ട്. ഹൈക്കോടതിയുടെ ഉത്തരവ് മാനിക്കുന്നതുമാണ്. എന്നാൽ ഹൈക്കോടതി വളരെ കൃത്യമായി ഒരു കാര്യം പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

we make it clear that this order will be confined only in those cases where writ petitions have been filed on or before 6.3.2000, viz., the date of the stay order passed in W.A. 502/2000, and only to those of the petitioners' schools who have not already sent their pupils upto Standard VI for writing examinations for this year in Government/Aided schools. If any of the petitioners schools have already sent their pupils for writing such examinations in Government/Aided schools, then the benefit of this order will not ensure to them. The study of private pupils from the academic year 2000-2001 onwards will be done by all concerned strictly as per the provisions of Chapter VI, K.E.R., G. O (Rt.) 82/98/ G. Edn. dated 6.1.1998. Government letter No. 9448/G3/2000/G.Edn. dated 24.2.2000 and any other general orders that may be issued by the state Government from time to time in accordance with Kerala Education Rules. Henceforth, the Government shall not issue any special orders permitting any unrecognised schools to conduct annual examinations so as to issue transfer certificate to their pupils for admission in regular/recognised schools.

We are fully aware of the observation of the Supreme Court that Courts should not issue fiat to allow the students of unrecognised institutions to appear at the different examinations. But, the present order, in our opinion, is inevitable in the facts and circumstances of the case and the plight of the lakhs and lakhs of pupils who are studying in these unrecognised schools. The practice of issuing orders permitting to conduct examinations for standard I to VI in the unrecognised/unaided schools by the Government should be forthwith stopped. അടുത്ത വർഷം മുതൽ ഒരാൾക്കും കൊടുക്കാൻ പാടില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീമതി റോസമ്മ ചാക്കോ : അൺ എയ്ഡഡ് സ്ക്കൂളുകൾ രക്ഷകർത്താക്കളുടെ നിർബന്ധം മൂലം സമീപത്ത് നല്ല സ്കൂൾ ഇല്ലാഞ്ഞിട്ടാണ് തുടങ്ങിയിട്ടുള്ളത്. 22 വർഷം വരെയായ പ്രശസ്തമായ രീതിയിൽ നടത്തുന്ന കുറേ അൺ റിക്കൈസ്ഡ് സ്ക്കൂളുകൾ ഉണ്ട്. അവയെ പരിശോധിച്ച് അങ്ങനെയുള്ള സ്ക്കൂളുകൾക്കെങ്കിലും അംഗീകാരം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ് : Sir, private study pupils എന്നൊരു Clause-വച്ചിട്ടാണ് അഡ്മിഷൻ കൊടുത്തത്, പരീക്ഷ അനുവദിച്ചത്.

Admission of private study pupils :- A pupil who has not attended any school may be admitted as a private study pupil in accordance with the Rule 8. (K.E.R) ഒരു സ്ക്കൂളിലും പോകാത്തവർക്കാണ്. ഈ പ്രൊവിഷൻ ശരിക്കു നോക്കിയിട്ടാണ് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ഈ clause ഉപയോഗിച്ച് ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, ഓരോ ജനതയുടേയും വ്യക്തിത്വം ഉയർത്തി പിടിക്കുന്നതിന് ഭാഷയിൽക്കൂടി പ്രതിഫലിപ്പിക്കപ്പെടുന്നത് അവരുടെ സംസ്ക്കാരമാണെന്നുള്ളത് ചരിത്രപരമായ വസ്തുതയായിരിക്കെ മലയാളികളുടെ സംസ്ക്കാരത്തെ പ്രതിഫലിപ്പിക്കുന്ന ലോകത്തിലെ ഏറ്റവും ആധുനികവും പരിഷ്കൃതവുമായി 65 ഭാഷകളിൽ ഒന്നായി അംഗീകരിക്കപ്പെട്ടിരിക്കുന്ന മലയാളം ഈ അൺ എയ്ഡഡ് സ്കൂളുകളിൽ നിർബന്ധിത പഠന ഭാഷയായി പ്രഖ്യാപിക്കാൻ ഗവൺമെന്റ് നടപടി എടുക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, നാലാം ക്ലാസ്വരെ മാതൃഭാഷയിൽത്തന്നെ കുട്ടികളെ പഠിപ്പിക്കണം എന്നുള്ളതാണ് ഇതേപ്പറ്റി പഠിച്ചിട്ടുള്ള ആളുകളുടെയൊക്കെ അഭിപ്രായം. ദേശീയമായ നയവും അങ്ങനെതന്നെയാണ്. ആ അടിസ്ഥാനത്തിൽ മാതൃഭാഷയിൽ തന്നെ പഠിപ്പിക്കണം. 'അമ്മതൻ കൈകൾ പകർന്ന് തരുമ്പോഴേ നമ്മൾക്ക് അമൃതും അമൃതായി തോന്നൂ' എന്നു വള്ളത്തോൾ നമ്മളെ പഠിപ്പിച്ചിരിക്കുന്നു. ആ മാതൃഭാഷയിൽ കുട്ടികൾ പഠിച്ചതുകൊണ്ട് എത്രയോ വലിയ വ്യത്യാസമുണ്ടായിരിക്കുന്നു. ഞാൻ കുറെ അധികം സ്കൂളുകളിൽ പോയിരുന്നു. ഒന്നാം ക്ലാസ്സിലും രണ്ടാം ക്ലാസ്സിലുമൊക്കെ പഠിക്കുന്ന കുട്ടികൾ എത്രയോ ഭംഗിയായി മലയാളം എഴുതുന്നു. 150-ഓളം കുട്ടികളെ കൊണ്ട് എഴുതിച്ചത് എന്റെ കയ്യിൽ ഇരുപ്പുണ്ട്. രണ്ടേ രണ്ട് കുട്ടികളാണ് രണ്ടാം ക്ലാസ്സ് ലെവലിൽ തെറ്റ് വരുത്തിയിരിക്കുന്നത്. മരം, ആട്, അച്ഛൻ, പക്ഷി തുടങ്ങിയിട്ടുള്ള വാക്കുകൾ ഒരു അക്ഷരത്തെറ്റുമില്ലാതെ രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ എഴുതുന്നു. 10-ാം ക്ലാസിലെ പരീക്ഷാ പേപ്പർ വരുമ്പോൾ ഇത് മനസ്സിലാകും. ഇപ്പോൾ 50 ശതമാനം കുട്ടികൾ തെറ്റ് വരുത്തുന്നു. ഇപ്പോൾ 4-ാം ക്ലാസ് ആകുമ്പോൾ പുതിയ രീതിയിൽ അക്ഷരം തെറ്റില്ലാതെ എഴുതാൻ 99 ശതമാനം കുട്ടികൾക്ക് കഴിയുന്നു. ഈ ഒരു മാറ്റം നമ്മൾ കാണണം. അതുപോലെ കുട്ടികളുടെ നിലവാരം ഉയർന്നിരിക്കുന്നു. അവരുടെ ചിന്താശക്തി വളർന്നിരിക്കുന്നു. അവരുടെ ഭാവനയെ ഉദ്ദീപിപ്പിക്കുവാൻ കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് മാതൃഭാഷയിൽ തന്നെ പഠിപ്പിച്ചാൽ, ഈ കുട്ടികൾ തത്തമ്മ പൂച്ച പൂച്ച എന്ന് പറയുന്ന ഈ രീതി ഈ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ വിട്ട് ഈ നാടൻ സായിപ്പന്മാരെ സൃഷ്ടിക്കുന്നത് അവസാനിപ്പിക്കണം. അതിനുള്ള കർശനമായ നിലപാട് സ്വീകരിക്കുന്നതാണ്. 2,000-ത്തോളം സ്കൂളുകൾ അടുത്ത വർഷം പൂട്ടും.

ശ്രീ. ഇസഹാക് കുരിക്കൾ : സർ, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കുന്ന ഏരിയ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് പുതിയ സ്കൂളുകളുടെ ലിസ്റ്റുകൾക്ക് സർക്കാർ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളുകൾക്ക് അംഗീകാരം നൽകികൊണ്ട് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയക്കാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ശ്രീ. പി. ജെ. ജോസഫ് : സർ, അതിന് പ്രത്യേകം നോട്ടീസ് വേണം.

മി.സ്പീക്കർ : ഓർഡർ..... ഓർഡർ.... ചോദ്യം നമ്പർ 683

LIBRARY ARCHIVES Kerala Legislative Assembly